PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1950

Thursday, *the 30th March 1950*

Vol. I] **OFFICIAL REPORT** **[No. 20**

The Assembly met in the Legislative Chamber, Trivandrum, at eleven of the clock on Thursday, the 30th March 1950, with Mr. Speaker in the Chair.

Mr. Speaker: We will now go on with legislative business.

Sri. A. Thanu Pillai: I want to say a word about the Agenda, Sir. In the Agenda given to us yesterday, it was stated that the first business will be 'Financial business', after the question time. And questions were also printed and given to us. So we naturally took that after the question time, the business will be Financial business. In the Agenda given yesterday it readas:—

"Oath of office.

Questions entered in the separate lists to be asked and answered.

Financial business.

Legislative business to be continued with an interval of half an hour in the evening."

Now another Agenda is placed on the table before us. It reads:—

"Oath of Office.

Legislative business, and then

Financial business".

Based on the previous Agenda, we thought that the Financial business will be taken up first and so we have not got the papers for the Legislative business.

Mr. Speaker: The announcement was made yesterday that the questions posted for today will be posted to a later date and that the question time will be taken up for Legislative business. But if there has not been sufficient notice to the Hon'ble Members, we will certainly go on with the other business, *i. e.* Financial business first and take up the Legislative business later.

Sri. A. Thanu Pillai: Sir, in regard to the Financial business, I would like to know the procedure to be followed here. Is it according to the provisions of the present constitution, or the old Rules? According to the present constitution, there should be an Appropriation Bill for Supplementary Demands also. Otherwise, it should be according to the old Rules.

Mr. Speaker: That is a matter that should come up after the voting of demands is over.

DEMANDS FOR SUPPLEMENTARY GRANTS

Demand I—Land Revenue

Minister for Finance and Revenue **(Sri. A J. John):**

"I move that a sum of Rs. 33,953 be granted under Demand I—Land Revenue (a) Direction, Part I Travancore"

ഈ ഡിമാൻഡ് ആവശ്യമായി വന്നതു് അടിയന്തിരമായി ബോർഡ് ഓഫ് റവന്യൂവിലേക്ക് നിയമിച്ചതായ സ്റ്റാഫും എസ്റ്റാബ്ലിഷ്മെൻറും പോരാ എന്നു് കണ്ടതുകൊണ്ടാണു്. ബോർഡു് ഓഫ് റവന്യൂവിലേക്കു് കുറെക്കൂടി സ്റ്റാഫും എസ്റ്റാബ്ലിഷ്മെൻറും വേണമെന്നു് ബോർഡ് ഓഫ് റവന്യൂവിൽ നിന്നു് ആവശ്യപ്പെടുകയും അതു് ദിവാൻജിയിൽ നിന്നു അനുവദിക്കുകയും ചെയ്തു. എന്നാൽ ഇതു പുതിയ ഒരു ഡിമാൻറല്ല. ബോർഡു് ഓഫ് റവന്യൂവിൻറെ കീഴിലുള്ള ഡിപ്പാർട്ടുമെൻറുകളിൽ നിന്നു് ഇതിലേക്കാവശ്യമുള്ള സ്റ്റാഫി

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

നെ എങ്കേണമെന്നാണ് ഗവണ്മെന്റിൽ നിന്ന് മാർഗ്ഗം ചെയ്തിട്ടുള്ളത്. അതായത് എക്സൈസ്, ലാൻഡ് കമ്മീഷണർ, ഈ ഡിപ്പാർട്ടുമെന്റുകളിൽ ഇരിക്കുന്നതായ ഉദ്യോഗസ്ഥന്മാരെ റവന്യൂ ബോർഡിലേക്ക് മാറ്റണമെന്നാണ് ഗവണ്മെന്റിൽനിന്നും ഉത്തരവായിട്ടുള്ളത്. അതുകൊണ്ട് എതെല്ലാം ഡിപ്പാർട്ടുമെന്റുകളിൽനിന്നും റവന്യൂ ബോർഡിലേക്ക് ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ ആ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം അതുപോലെ കുറയുന്നതും റവന്യൂബോർഡിൽ അതുപോലെ കൂടുന്നതുമാണ്. ഇതൊരു ഡിപ്പോസിഷൻ മാത്രമാണ്. ഇതിനു സഭയുടെ അനുമതി ആവശ്യമാണ്. അതിനാണ് ഈ സപ്ലിമെന്ററി ഡിമാൻഡ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. എൻ. കണ്ടമേനോൻ : ഞാൻ അതിനെ പിന്താങ്ങുന്നു.

Sri. K. P. Nilakanta Pillai: Sir, the Board's proposal was for meeting the additional expenditure for the staff sanctioned. May I know, Sir, when it was sanctioned?

Sri. A. J. John : On 24—11—1949.

Sri. A. Thanu Pillai : A supplementary grant of Rs. 33,953 is sought. May I know for how many months the amount is provided for?

ശ്രീ. എ. ജെ. ജോൺ : ഇവിടെ ലിസ്റ്റ് ഉണ്ട്. ആ ലിസ്റ്റ് വായിക്കാം.

കസിക്യൂട്ടറി ൪൫ ൦— ൭൫ ൦; ൨ അസി: സ്ക്രട്ടറിമാർ ൨ ൭൫—൩ ൨൫; ൨ സൂപ്രണ്ടുമാർ ൧ ൭൫—൨൨ ൫; ൧ സീനിയർ ക്ലാർക്ക് ൧ ൦ ൦— ൧൨ ൫; ൪ ക്ലാർക്സ് വ ൦— ൧ ൦ ൦; ൨ പേഴ്സനൽ ക്ലാർക്സ് വ ൦— ൧ ൦ ൦; ൧൨ ക്ലാർക്സ് ൪ ൫— ൭ ൫; ൧ സ്റ്റെനോഗ്രാഫേഴ്സ് ൪ ൫— ൧ ൦ ൦; ൧ ടൈപ്പിസ്റ്റ് വ ൮— ൧ ൦ ൦; ൨ ടൈപ്പിസ്റ്റ് ൪ ൫— ൭ ൫; ൧ മലയാളം ടൈപ്പിസ്റ്റ് ൩ ൦— ൪ ൫;

Sri. K. P. Nilakanta Pillai : May I know whether we will be able to know how much is for salaries, how much for dearness allowance, how much for allowance, how much for contingencies? Is that information available, Sir?

ശ്രീ. എ. ജെ. ജോൺ : അതു ഡിമാൻഡിന്റെ കാര്യത്തിൽ തന്നെ പ്രത്യേകമായി എഴുതിയിട്ടുണ്ട്.

"It is estimated a sum of Rs. 25,086 will be required for the current year and so an additional sum of Rs. 9,898 has also to be provided under this head. Similarly the sum of Rs. 13,703 provided under establishment will be insufficient to meet the pay of the enlarged subordinate staff. An additional sum of Rs. 24,015 will be required for the purpose. In the circumstances, it is proposed to give an additional allotment of Rs. 33,953 under this head."

അതുകൊണ്ട് എനിക്ക് ഇതിനെപ്പറ്റി പ്രസംഗിക്കുവാനുള്ളത് ഇതു് സാക്കാൽ പ്രതിയ നിയമനങ്ങളല്ല എന്നുള്ളതാണ്. ബോർഡിന്റെ കീഴിലുള്ള ലാൻഡ് കമ്മീഷണർ ഓഫീസ്, എക്സൈസ് ഡിപ്പാർട്ടുമെന്റ് എന്നിവിടങ്ങളിൽനിന്നു റവന്യൂബോർഡിലേക്ക് മാറ്റിനിയമിച്ചു എന്നേയുള്ളൂ. മറ്റു ഡിമാൻഡിൽനിന്നു മറ്റൊരു ഡിമാൻഡിലേക്ക് സംഖ്യ മാറ്റണമെങ്കിൽ അതിനു് സഭയുടെ അനുവാദം വേണം. അതിനുവേണ്ടിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. എ. കെ. പാച്ചുപിള്ള: എതെല്ലാം ഡിപ്പാർട്ടുമെന്റുകളിൽനിന്നു് എത്രയെത്ര ഉദ്യോഗസ്ഥന്മാരാണ് റവന്യൂബോർഡിലേക്ക് എടുത്തിരിക്കുന്നത്?

ശ്രീ. എ. ജെ. ജോൺ : ഞാൻ അവിടെ നിന്നു് എടുത്ത മാത്രം ഉദ്യോഗസ്ഥന്മാരുടെയും ശമ്പളം ഞാനിച്ചിട്ടുള്ള ആകയാണ് എടുത്തിരിക്കുന്നത്.

ശ്രീ. എ. കെ. പാച്ചുപിള്ള : ആ സംഖ്യ എത്രയാണെന്നു് ഇപ്പോൾ പറയുന്നതിനു് നിവൃത്തിയില്ലെന്നാണോ പറയുന്നത്?

ശ്രീ. എ. ജെ. ജോൺ : ഇപ്പോൾ പറയുന്നതിനു് നിവൃത്തിയില്ല.

ശ്രീ. പട്ടം താണുപിള്ള : എതെല്ലാം മാസത്തേക്കുള്ള ചിലവാണ് ഈ തുക,ന്നതിനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ ജെ. ജോൺ : ബോർഡിന്റെ റക്കമെന്റേഷൻ സാംഗ്ഷൻ ചെയ്തതു് ഡ്—ഫ—ഫൻ ർൻ-ൽ ആണു്. അതിനുശേഷം ഉള്ള ചിലവിലേക്കാണു് ഇതു ആവശ്യപ്പെട്ടിരിക്കുന്നതു്.

Sri. K. Sivarama Pillai : It is stated in the Budget that the revised estimate under Land Revenue-Direction, for 1949—50 is Rs. 1,58,600. Now you ask for Rs. 33,953 only. Is there any explanation for this? The original grant and the supplementary grant come to 67 thousand and odd rupees. Yet the proposed expenditure is about one lakh and 50 thousand rupees.

Sri. A. J. John : It is for the Board of Revenue alone that the sum of Rs. 33,953 is provided.

Mr. Speaker : The question is that a sum of Rs. 33,953 be granted under I—Land Revenue (a) Direction, to defray the expenses for additional staff for the Board of Revenue.

The demand was passed and the grant was made

6—Income Tax (d) Salaries

Sri. A. J. John: I move for a supplementary grant of Rs, 5,200 under Demand 6-Income Tax (d) Salaries.

ഫ്ഫ ൽ.ലെ ബഡ്ജ്റ്റ തയ്യാറാക്കിയപ്പോൾ എറണാകുളത്തു ഉണ്ടായിരുന്നതായ ഒരു ടെമ്പററി ഡെപ്യൂട്ടികമ്മീഷണരുടെ ആഫീസിനു് ആവശ്യമായ തുക ചേർത്തിരുന്നില്ല. എന്നാൽ അതിനുശേഷം എറണാകുളത്തെ ടെമ്പററി ഡെപ്യൂട്ടി കമ്മീഷണരുടെ ആഫീസ് അവിടെ തുടരണ്ടതു് ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടു. കാരണം എറണാകുളത്തുള്ള കക്ഷികളുടെ അനേകം കേസ്സുകൾ ഡെപ്യൂട്ടികമ്മീഷണരുടെ ആപ്പീസ്സിൽ അന്നു നിലവിൽ ഉണ്ടായിരുന്നു. ആ കേസ്സുകൾ തീർക്കുന്നതിനു് അദ്ദേഹത്തിന്റെ ഉദ്യോഗം തുടരേണ്ടതു് ആവശ്യമാണെന്നു കരുതുകയും അതു് ഗവൺമെണ്ടിൽനിന്നു് അനുവദിക്കുകയും ചെയ്തു. അതിലേക്കു് വേണ്ടിയാണു് ഈ അയ്യായിരത്തി ഇരുന്നൂറു രൂപ്പിക ആവശ്യപ്പെട്ടതു്.

ശ്രീ. എൻ. കുഞ്ഞുരാമൻ : ഞാൻ അതിനെ പിൻതാങ്ങുന്നു.

Mr. Speaker : The question is that a sum of Rs. 5,200 be granted under 6—Income Tax (d) Salaries, to defray the expenses in recspect of Deputy Commissioners Office Ernakulam,"

The demand was passed and the grant was made

6—Income Tax (d) Salary

Sri. A. J. John : Sir, I move for a supplementary grant of Rs. 400—under 6—Income Tax (d)—salary (Dearness allowance).

Minister for Industries, Excise and Local Self Government **(Sri. N. Kunjuraman) :** I second it.

Mr. Speaker : The question is :—

"That a sum of Rs. 400 be granted under 6 (d) Salary—Income Tax — (Dearness allowance)".

The demand was passed and the grant was made

14—Administration of Justice

Sri. A. J. John: Sir, I move for a supplementary grant of Rs. 1,62,000 under Demand 14—Administration of Justice 'C' Criminal Courts, Batta to Prisoners (Part I Travancore).

സർ, ബഡ്ജറ്റ് തയ്യാറാക്കിയ അവസരത്തിൽ ഫ,ന. ൦,൦൦൦ രൂപ തടവുകാരുടെ ബാറ്റ ഇനത്തിൽ ചേർത്തിരുന്നു. അതിനുശേഷം ഈ തുകകൊണ്ടു് മതിയാകാതെ വന്നു എന്നും അതുകൊണ്ടു് ന ൦൦൦ രൂപ കൂടി അനുവദിക്കണമെന്നു് കാണിച്ചു് ഹൈക്കോടതിയിൽ നിന്നും ശുപാർശ ചെയ്തതിൻപ്രകാരം ഒരു സപ്ളിമെൻററി ഗ്രാൻറ് അനുവദിക്കയും ചെയ്തു. അതിനുശേഷം ഫ ൦—ഫ—ഫൻ @ ൦-ൽ ന ൦,൦൦൦ രൂപ കൂടി കൂടുതലായിട്ടു് ആവശ്യമുണ്ടെന്നു് കാണിച്ചു് ശുപാർശ ചെയ്കയും അതും അനുവദിക്കയും ചെയ്തു. എന്നാൽ ആ തുകയും പോരാതെ വന്നിരിക്കുകയാണു്. അതുകൊണ്ടു് ന. ൦,൦൦൦ രൂപകൂടി അനുവദിക്കണമെന്നു കാണിച്ചു് പിന്നേയും ഹൈക്കോടതി

LIBRARY ARCHIVES Kerala Legislative Assembly